പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3811 20/07/2015 ൽ മറുപടിക്ക്

## സ്റ്റേറ്റ് റിസോഴ്സ് സെന്റർ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.: പാലോട് രവി : | ശ്രീ. പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്; | (എ) സംസ്ഥാനത്തെ അനൗപചാരിക വിദ്യാഭ്യാസ പരിപാടികൾക്കുള്ള അക്കാദമികവും സാങ്കേതികവുമായ വിഭവ സഹായം നൽകുകയെന്നതാണ് സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ പ്രധാന ചുമതല. ദേശീയ സാക്ഷരതാ മിഷന്റെ ഭാഗമായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചുള്ള പദ്ധതികൾ ജനങ്ങളിലെത്തിക്കാൻ സംസ്ഥാനതല പ്രവർത്തനങ്ങൾ നടത്തുക, പ്രവർത്തകർക്കും. നിരക്ഷരർക്കും, നവസാക്ഷരർക്കും ആവശ്യമായ .പഠനബോധന പരിശീലന സാമഗ്രികൾ തയ്യാറാക്കുക, സെമിനാറുകൾ, ശില്പ-ശാലകൾ എന്നിവ സംഘടിപ്പിക്കുക. കാലോചിതമായ സാമൂഹിക പ്രശ്നങ്ങളെ തുടർ വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തുക, തുടർവിദ്യാഭ്യാസ പരിപാടികളുടെ മോണിറ്ററിംഗും ഇവാലുവേഷനും നടത്തുക, സാക്ഷരതാ വിദ്യാഭ്യാസ രംഗത്തെ വിവിധ വിഭാഗം പ്രവർത്തകർക്ക് പരിശീലനം നൽകുക. അനൗപചാരിക വിദ്യാഭ്യാസ പരിപാടികളുടെ പ്രചരണത്തിനും പഠനാവശ്യങ്ങൾക്കും ദൃശ്യ-ശ്രാവ്യ സാമഗ്രികൾ പ്രയോജനപ്പെടുത്തുക, ജനപങ്കാളിത്തത്തോടെ ഓരോ |

പ്രദേശത്തിനും അനുയോജ്യമായതും മാതൃകയാക്കാവുന്നതുമായ പ്രവർത്തനങ്ങൾ നടത്തുക, സെൻട്രൽ ജയിൽ, ജുവനൈൽ ഹോം, പൂവർ ഹോം എന്നിവിടങ്ങളിലെ അന്തേവാസികളെ ബോധവത്ക്കരിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ സെന്ററുകളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും നടത്തുക എന്നിവ റിസോഴ്സ് സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങളാണ്. കൂടാതെ ദേശീയ അന്തർദേശീയ സംഘടനകളായ യൂണിസെഫ്, കോമൺവെൽത്ത് ഓഫ് ലേണിംഗ്, യു.എൻ.സി.പി, യുനെസ്കോ, തുടങ്ങിയവയുടെ സാമ്പത്തിക സഹായത്തോടെ സ്റ്റേറ്റ് റിസോഴ്സ് സെന്റർ പ്രോജക്ട് നടപ്പിലാക്കുന്നുണ്ട്. കാലോചിതമായ തൊഴിൽ പരിശീലനങ്ങളും കോഴ്സുകളും നൽകിവരുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഇഗ്നോ-എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്. അസോസിയേറ്റ് ഡിഗ്രി, ഡിപ്ലോമ കോഴ്സുകളാണ് കമ്മ്യൂണിറ്റി കോളേജ് മുഖേന നടപ്പിലാക്കുന്നത്.

| | |
|---|---|
| (ബി) അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് സെന്റർ കാഴ്ചവച്ചിട്ടുള്ളത്; | (ബി) ഏഴോം ഗ്രാമത്തിലെ സമ്പൂർണ്ണ സാക്ഷരതാ പരിപാടി, കോട്ടയം നഗരത്തിൽ സംഘടിപ്പിച്ച പെൽക് സാക്ഷരതാ പരിപാടി, സാമൂഹ്യ പ്രവർത്തകർക്കുള്ള 100 ദിവസത്തെ റസിഡൻഷ്യൽ സാക്ഷരതാ പരിശീലനം. വിവിധ തലങ്ങളിലെ പ്രവർത്തകർക്കുള്ള 50 ഓളം പാഠാവലികൾ, എസ്.ആർ.സി. കമ്മ്യൂണിറ്റി കോളേജ്, കേരളത്തിലെ- |

ന്നാടുമുള്ള വായനശാലകളെ സാക്ഷരതാ പ്രവർത്തനത്തിലെത്തിക്കുക, പ്രേരക് മാർക്കുള്ള അനൗപചാരിക വിദ്യാഭ്യാസ കറസ്പോണ്ടൻസ് കോഴ്സുകൾ, മികച്ച തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾക്കുള്ള അവാർഡ്, ആകാശവാണി/ജ്ഞാനവാണി പരിപാടികൾ, കൗമാര വിദ്യാഭ്യാസ പരിപാടി, സ്വയംസഹായ സംഘങ്ങൾക്കുള്ള പരിശീലന പരിപാടി. മെഡിക്കൽ പരിശോധനാ ക്യാമ്പുകൾ, വിവിധ പദ്ധതികളുടെ (കിരൺ, വിജ്ഞാൻ ജ്യോതി, സാക്ഷർ ഭാരത്), ഇവാലുവേഷനും, മൂല്യനിർണ്ണയവും, ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ കഴിവും വൈദഗ്ധ്യവും വികസിപ്പിക്കൽ. ബ്രെയിൽ സാക്ഷരതാ പരിപാടി. അമ്മമാർക്കും പെൺകുട്ടികൾക്കുമുള്ള ആരോഗ്യ വിദ്യാഭ്യാസ പരിപാടി എന്നിവ അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് സെന്റർ കാഴ്ചവച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങളാണ്

(സി) ഇതുമൂലം എന്തെല്ലാം അംഗീകാരം സെന്ററിന് ലഭിച്ചിട്ടുണ്ട്;

(സി) യുനെസ്കോ എൻ.എൽ.എം അവാർഡ്, ഏറ്റവും മികച്ച ഗവേഷണ ഗ്രന്ഥത്തിനുള്ള ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലൈഫ് ലോംഗ് ലേണിംഗ് അവാർഡ്, 2007-ൽ ഗുർഗാവോണിലെ മാനേജ്മെന്റ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ ദേശീയതല ഇവാലുവേഷനിലെ എ പ്ലസ് ഗ്രേഡ്, ജർമ്മൻ അഡൽറ്റ് എഡ്യൂക്കേഷൻ അസോസിയേഷന്റെ സഹായം എന്നിവയാണ് സെന്ററിന് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ.

(ഡി) സെന്ററിന്റെ പ്രവർത്തനങ്ങൾ വേണ്ടവിധത്തിൽ നടത്തുന്നതിന് ധനം ഒരു തടസ്സമാണെന്ന് കരുതുന്നുണ്ടോ;

(ഡി) മതിയായ ഫണ്ട് ഇല്ലാത്തതുകൊണ്ട് പരിപാടികൾ പരിമിതപ്പെടുത്താൻ ഇടയായിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | സെന്ററിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി അടുത്ത വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്താൻ വിദ്യാഭ്യാസ വകുപ്പ് ശുപാർശ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ഇ) | 2015-16 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.അടുത്ത വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസൽ സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിച്ചിട്ടില്ല. |
| (എഫ്) | ഈ വർഷത്തെ ബഡ്ജറ്റിൽ സെന്ററിന് വേണ്ടി എന്ത് തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (എഫ്) | തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ